**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 64** **07-12-2022 - ൽ മറുപടിയ്ക്ക്**

**ക്ഷീര കർഷകർക്ക് ഇൻസെന്റീവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. സജീവ് ജോസഫ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ക്ഷീര കർഷകർക്ക് നാല് രൂപ നിരക്കിൽ ഒരു വർഷത്തേക്ക് ഇൻസെന്റീവ് നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നോ; | (എ) | 2022 വർഷം ജൂലായ് മാസം മുതൽ വർഷം മുഴുവനും സംസ്ഥാനത്ത് ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന മുഴുവൻ കർഷകർക്കും അവർ ക്ഷീരസംഘത്തിൽ അളക്കുന്ന ഓരോ ലിറ്റർ പാലിനും ക്ഷീരവികസന വകുപ്പിന്റെ ഒരു രൂപയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 3 രൂപയും ചേർത്ത് ആകെ 4 രൂപ ഇൻസെന്റീവ് നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നു. |
| (ബി) | എങ്കിൽ ഈ പ്രഖ്യാപനം നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (ബി) | ക്ഷീരവികസന വകുപ്പ് മിൽക്ക് ഇൻസെന്റീവ് ആയി 2022 ജൂലൈ മാസത്തെ പാൽ അളവിന് ആഗസ്റ്റ് മാസത്തിൽ 23.44 കോടി രൂപ സർക്കാർ പ്രഖ്യാപിച്ചതിനനുസരിച്ച് ഓണത്തിന് മുമ്പായി 2 ലക്ഷത്തോളം വരുന്ന ക്ഷീരകർഷകരുടെ ബാങ്ക് അക്കൌണ്ടുകളിലേക്ക് ക്ഷീരശ്രീ പോർട്ടൽ വഴി എത്തിച്ചിട്ടുണ്ട്.<br><br>ക്ഷീരവികസന വകുപ്പ് ഉദ്യോഗസ്ഥർ നിർവ്വഹണ ഉദ്യോഗസ്ഥർ ആയി ഏപ്രിൽ 2022 മുതൽ മാർച്ച് 2023 വരെ ഉള്ള മാസങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതം പ്രയോജനപ്പെടുത്തി സംഘത്തിൽ അളന്ന പാലിന് 3 രൂപ നിരക്കിൽ കർഷകർക്ക് അനുവദിച്ച നൽകുവാനുള്ള നടപടികൾ ആരംഭിച്ച കഴിഞ്ഞു. വിവിധ തദ്ദേശ സ്ഥാപനങ്ങൾ വഴി ഇതുവരെ 5.22 കോടി രൂപ ക്ഷീര കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് മാറി നൽകിയിട്ടുണ്ട്. ബാക്കിയുള്ള തദ്ദേശ സ്ഥാപനങ്ങളുടെ പാലിനുള്ള ഇൻസെന്റീവ് മാറി നൽകുന്നതിനുള്ള നടപടി സ്വീകരിച്ച വരുന്നു. ഈ സർക്കാരിന്റെ സന്ദർഭോചിതമായ ഇടപെടലുകൾ മൂലം ‘‘മിൽക്ക് ഇൻസെന്റീവ്‘‘ എന്ന പദ്ധതിയ്ക്ക് 130 കോടി രൂപയോളം സംസ്ഥാനത്തെ ഗ്രാമ / ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകൾ വകയിരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഭൂരിഭാഗം പഞ്ചായത്തുകളിലും തദ്ദേശസ്വയംഭരണ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. അതത് മാസം അളക്കുന്ന പാലിന് തൊട്ടടുത്ത മാസം സബ്സിഡി നൽകുന്ന രീതി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സൗകര്യമനുസരിച്ച് സ്വീകരിക്കാനും പഞ്ചായത്ത്/നഗരകാര്യ ഡയറക്ടർമാർക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | 2022 ഏപ്രിൽ മാസത്തിലെ ഇൻസെന്റീവ് മാത്രമാണോ കർഷകർക്ക് ലഭിച്ചതെന്ന് വ്യക്തമാക്കാമോ; | (സി) | ക്ഷീരവികസന വകുപ്പിന്റെ 23.44 കോടി രൂപ സർക്കാർ പ്രഖ്യാപിച്ചതിനനുസരണമായി ഓണത്തിന് മുമ്പായി 2022 ജൂലൈ മാസത്തെ പാലളവിന് 2 ലക്ഷത്തോളം വരുന്ന കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ ഏപ്രിൽ മാസം മുതൽ ഇൻസെന്റീവ് നൽകുന്നുണ്ട്. |
| (ഡി) | സർക്കാർ പ്രഖ്യാപിച്ചതുപോലെ നാല് രൂപ നിരക്കിൽ ഒരു വർഷത്തെ ഇൻസെന്റീവ് ലഭ്യമാക്കാൻ സർക്കാർ മുൻകൈ എടുക്കുമോ; | (ഡി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും ക്ഷീര വികസന വകുപ്പിന്റെയും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഇൻസെന്റീവ് നൽകിവരുന്നത്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചാണ് പാലിന് ഇൻസെന്റീവ് നൽകുന്നത്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഒരു വർഷം മുഴുവനും ഇൻസെന്റീവ് നൽകുന്നതിനുള്ള ശ്രമങ്ങൾ സ്വീകരിക്കുന്നതാണ്. |
| (ഇ) | ക്ഷീര കർഷകർക്ക് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള വാഗ്ദാനങ്ങൾ പാലിച്ചിരുന്നെങ്കിൽ മിൽമ പാലിന് വില വർദ്ധിപ്പിക്കാതെ മുന്നോട്ട് പോകാൻ സാധിക്കുമായിരുന്നു എന്നത് വസ്തുതയാണോ എന്ന് വ്യക്തമാക്കാമോ? | (ഇ) | ക്ഷീര കർഷകർക്ക് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള വാഗ്ദാനങ്ങൾ പാലിക്കാത്തത് കൊണ്ടല്ല പാലിന്റെ വില വർധിപ്പിക്കേണ്ടി വന്നത്. കേരളത്തിലെ ക്ഷീരകർഷകരുടെ പാൽ ഉത്പ്പാദനചെലവ് മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതലാണ്. ഇത് കാരണം ക്ഷീര കർഷകർ കടുത്ത ബുദ്ധിമുട്ടിലായിരുന്നതുകൊണ്ട് ഉത്പ്പാദനചെലവിന് ആനുപാതികമായി പാൽ വില വർദ്ധിപ്പിക്കണമെന്ന് നിരന്തരം ആവശ്യപ്പെട്ടിരുന്നു. ഇത് പ്രകാരം മിൽമ നിയോഗിച്ച കമ്മറ്റിയുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു ലിറ്റർ പാൽ ഉല്പാദിപ്പിക്കുന്നതിന് കർഷകർക്ക് 8.57 രൂപ നഷ്ടമുള്ളതായി കണക്കാക്കിയിട്ടുണ്ട്. എന്നിരുന്നാലും പാൽ വില 6 രൂപ മാത്രമാണ് വർദ്ധിപ്പിച്ചിട്ടുള്ളത്. ആയതിനാൽ ഇൻസെന്റീവ് ഉൾപ്പെടെ നൽകിയാൽ മാത്രമേ ക്ഷീരകർഷകർക്ക് പിടിച്ച് നിൽക്കാൻ സാധിക്കുകയുള്ളൂ. ഉല്പാദന ചെലവ് പൂർണ്ണമായും ക്ഷീര കർഷകർക്ക് ക്രമപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. കൂടാതെ മിൽമയുടെ ലാഭം കർഷകർക്ക് തന്നെ വീതിച്ച് നൽകുന്നുണ്ട്. പ്രതിമാസം സംഘങ്ങളിൽ അളക്കുന്ന പാലിന് നൽകുന്ന വിലയ്ക്ക് പുറമെയാണ് മിൽമ അധിക വില |

| | | | |
|---|---|---|---|
| | | | നൽകി വരുന്നത്. കൂടാതെ ക്ഷീരകർഷകരെ സഹായിക്കുന്നതിന് സബ്സിഡിയും മറ്റ് ആനുകൂല്യങ്ങളും ക്ഷീരവികസന വകുപ്പും മിൽമയും നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

<u>വിശദീകരണ കുറിപ്പ്</u>

എ) **2022** വർഷം ജൂലായ് മാസം മുതൽ വർഷം മുഴുവനും സംസ്ഥാനത്ത് ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന മുഴുവൻ കർഷകർക്കും അവർ ക്ഷീരസംഘത്തിൽ അളക്കുന്ന ഓരോ ലിറ്റർ പാലിനും ക്ഷീരവികസന വകുപ്പിന്റെ ഒരു രൂപയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ **3** രൂപയും ചേർത്ത് ആകെ **4** രൂപ ഇൻസെന്റീവ് നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നു.

**ബി)** ക്ഷീരവികസന വകുപ്പിന്റെ **2022-23** ലെ വാർഷിക പദ്ധതി വിഹിതവും, തദ്ദേശ സ്വയംഭരണ സ്ഥാപന പദ്ധതിയായ "മിൽക്ക് ഇൻസെന്റീവ്" പദ്ധതിയും ഏകോപിപ്പിച്ചു കൊണ്ട് വർഷം മുഴുവനും ക്ഷീരസഹകരണസംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് മിൽക്ക് ഇൻസെന്റീവ് നൽകി അവർക്ക് സാമ്പത്തിക സുരക്ഷ ഉറപ്പ് വരുത്തുന്നതിനാണ് ഈ സർക്കാർ ലക്ഷ്യം വച്ചത്.

ഇതിനായി വകുപ്പ് മറ്റ് പദ്ധതികളിലെ വിഹിതം കുറച്ച് മിൽക്ക് ഇൻസെന്റീവ് ആയി ഏപ്രിൽ **2022** മുതൽ ജൂലൈ **2022** വരെ ഉള്ള മാസങ്ങൾക്ക് ആനുപാതികമായി **1** രൂപ നിരക്കിൽ **23.44** കോടി സർക്കാർ പ്രഖ്യാപിച്ചതിനനുസരണമായി ഓണത്തിന് മുമ്പായി **2** ലക്ഷത്തോളം വരുന്ന കർഷകരുടെ വകുപ്പിന്റെ ക്ഷീരശ്രീ പോർട്ടൽ പ്രയോജനപ്പെടുത്തി ബാങ്ക് അക്കൌണ്ടുകളിൽ എത്തിച്ചു നൽകുവാൻ സർക്കാരിന് സാധിച്ചു.

വർഷം മുഴുവൻ ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി ലഭ്യമാക്കുവാൻ ഉള്ള കർമ്മ പദ്ധതികൾ ആണ് ഈ സർക്കാർ നടത്തി വരുന്നത്. ക്ഷീരവികസന വകുപ്പ് ഉദ്യോഗസ്ഥർ നിർവ്വഹണ ഉദ്യോഗസ്ഥർ ആയി ഏപ്രിൽ **2022** മുതൽ മാർച്ച് **2023** വരെ ഉള്ള മാസങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതം പ്രയോജനപ്പെടുത്തി സംഘത്തിൽ അളന്ന പാലിന് **3** രൂപ നിരക്കിൽ കർഷകർക്ക് അനുവദിച്ചു നൽകുവാനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഈ സർക്കാരിന്റെ സന്ദർഭോചിതമായ ഇടപെടലുകൾ മൂലം "മിൽക്ക് ഇൻസെന്റീവ്" എന്ന പദ്ധതിയ്ക്ക് **130** കോടി രൂപയോളം സംസ്ഥാനത്തെ ഗ്രാമ / ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകൾ വകയിരുത്തിയിട്ടുണ്ട്.

ഭൂരിഭാഗം പഞ്ചായത്തുകളിലും തദ്ദേശസ്വയംഭരണ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. അതത് മാസം അളക്കുന്ന പാലിന് തൊട്ടടുത്ത മാസം സബ്സിഡി നൽകുന്ന രീതി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സൗകര്യമനുസരിച്ച് സ്വീകരിക്കാനും തദ്ദേശ സയംഭരണ വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഗ്രാമ സഭകൾ അംഗീകരിച്ച ഗുണ:ലിസ്റ്റ് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കൈമാറുന്നതിൽ വന്ന കാലതാമസം മൂലം ആണ് പദ്ധതി പ്രവർത്തനം വൈകിയത്. ഇനി വരുന്ന മാസങ്ങളിൽ മുടക്കം കൂടാതെ സബ്സിഡി തുക കർഷകർക്ക് ലഭിക്കുന്നതായിരിക്കും. ജൂലായ് മാസത്തിൽ അളന്ന പാലിന്റെ ഇൻസെന്റീവ് ആഗസ്റ്റ് മാസത്തിൽ ക്ഷീരവികസന വകുപ്പിന്റെ **23.44** കോടി രൂപ, **1.97** ലക്ഷം കർഷകർക്ക് ഇൻസെന്റീവ് നൽകിയതിന്റെ വിവരങ്ങൾ **'പട്ടിക എ'** യിൽ ചേർക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നാളിതു വരെ ഇൻസെന്റീവ് നൽകിയതിന്റെ വിവരങ്ങൾ **'പട്ടിക ബി'** യിൽ ചേർക്കുന്നു.

സി) ഏപ്രിൽ **2022** മുതൽ ജൂലൈ **2022** വരെ ഉള്ള മാസങ്ങൾക്ക് ആനുപാതികമായി **1** രൂപ നിരക്കിൽ ക്ഷീരവികസന വകുപ്പിന്റെ 23.44 കോടി രൂപ സർക്കാർ പ്രഖ്യാപിച്ചതിനനുസരണമായി ഓണത്തിന് മുമ്പായി 2 ലക്ഷത്തോളം വരുന്ന കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏപ്രിൽ മാസം മുതലും ഇൻസെന്റീവ് നൽകുന്നുണ്ട്.

ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും ക്ഷീര വികസന വകുപ്പിന്റെയും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഇൻസെന്റീവ് നൽകിവരുന്നത്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചാണ് പാലിന് ഇൻസെന്റീവ് നൽകുന്നത്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഒരു വർഷം മുഴുവനും ഇൻസെന്റീവ് നൽകുന്നതിനുള്ള ശ്രമങ്ങൾ സ്വീകരിക്കുന്നതാണ്.

ഇ) കേരളത്തിലെ ക്ഷീര കർഷകരുടെ പാൽ ഉത്പ്പാദനചെലവ് മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതലാണ്. ഇത് കാരണം ക്ഷീര കർഷകർ കടുത്ത ബുദ്ധിമുട്ടിലായിരുന്നതുകൊണ്ട് ഉത്പ്പാദനചെലവിന് ആനുപാതികമായി പാൽ വില വർദ്ധപ്പിക്കണമെന്ന് നിരന്തരം ആവശ്യപ്പെട്ടിരുന്നു. പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു ലിറ്റർ പാൽ ഉല്പാദിപ്പിക്കുന്നതിനായി **8 . 5 7** രൂപ നഷ്ടമുള്ളതായി കണക്കാക്കിയിട്ടുണ്ട്. എന്നിരുന്നാലും പാൽ വില **6** രൂപ മാത്രമാണ് വർദ്ധിപ്പിച്ചിട്ടുള്ളത്. ആയതിനാൽ ഇൻസെന്റീവ് ഉൾപ്പെടെ നൽകിയാൽ മാത്രമേ ഉല്പാദന ചെലവ് പൂർണ്ണമായും ക്ഷീര കർഷകർക്ക് ക്രമപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. ആയതിനാൽ **4** രൂപ നിരക്കിൽ ഒരു വർഷത്തേയ്ക്ക് ഇൻസെന്റീവ് നൽകിയാൽ തന്നെ പാൽ വില വർദ്ധിപ്പിക്കേണ്ട സാഹചര്യമാണ് നിലവിലുള്ളത്.